

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്ത്
ഓഡിറ്റ് റിപ്പോർട്ട്
2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി1/1145/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
തീയതി 21.07.2016.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,
വിഷയം :– ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നീ ഖണ്ഡികയിലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെചട്ടം 14, 15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച

ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.

3. കാര്യാലയ പകർപ്പ്

കെ.എസ്.എ-കെ.എൽ.എം-പി1/1145/16 തീയതി 21.07.2016

കൊല്ലം ജില്ലയിലെ ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4), 1994**-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളംമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.08.2014 മുതൽ 18.08.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	:	ശ്രീമതി. ഗീത എം., ഡെപ്യൂട്ടി ഡയറക്ടർ	
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	20-06-2016 മുതൽ 29-06-2016 വരെ	
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	:	ശ്രീ. സജീത് കുമാർ ജി.	ഓഡിറ്റ് ഓഫീസർ
		ശ്രീമതി. മഞ്ജൂള സാഗർ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
		ശ്രീമതി. അമ്പിളി ജി.	സീനിയർ ഗ്രേഡ് ഓഡിറ്റർ
		ശ്രീമതി. ബിന്ദു	ഓഡിറ്റർ

	നായർ	

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	:	അനീഷ്	01-04-2014 മുതൽ 31-03-2015 വരെ
സെക്രട്ടറി	:	എസ് . പ്രസാദ്	01-04-2014 മുതൽ 31-03-2015വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ	:		
ഉദ്യോഗപ്പേര്		**പേര്**	**കാലയളവ്**
അസിസ്റ്റന്റ് സെക്രട്ടറി	:	ശ്രീ. ജി. രാധാകൃഷ്ണൻ	01-04-2014 മുതൽ 02-02-2015 വരെ
		ശ്രീമതി. ഫ്ലോസി ലാസ്	03-02-2015 മുതൽ 31-03-2015 വരെ
കൃഷി ഓഫീസർ	:	ശ്രീമതി. സീന	01-04-2014 മുതൽ 31-03-2015 വരെ
വെറ്റിനറി സർജൻ	:	ശ്രീമതി. സിനി തോമസ്	01-04-2014 മുതൽ 31-03-2015 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	:	ശ്രീമതി. ഷീല	01-04-2014 മുതൽ 31-03-2015 വരെ
ഹെഡ് മാസ്റ്റർ	:	ശ്രീ.നജീബ്	01-04-2014 മുതൽ 31-03-2015 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	:	ഡോ. അനൂപ്	01-04-2014 മുതൽ 31-03-2015 വരെ
മെഡിക്കൽ ഓഫീസർ (ആയൂർവേദം)	:	ഡോ. സംഗീത	01-04-2014 മുതൽ31-03-2015 വരെ
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	:	ശ്രീമതി. വസന്ത	01-04-2014 മുതൽ 31-12-2014 വരെ
		ശ്രീ.ജയപ്രകാശ് ബി.	01-01-2015 മുതൽ 31-03-2015 വരെ
		ശ്രീമതി. ലിറ്റി	01-04-2014 മുതൽ 31-03-2015 വരെ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	:	ശ്രീമതി. സുഷമ	01-04-2014മുതൽ 04-09-2014 വരെ
		ശ്രീമതി. ശ്യാമള	05-09-2014 മുതൽ 31-03-2015 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	:	ശ്രീമതി. സംഗീത	01-04-2014 മുതൽ 31-03-2015 വരെ

ഉള്ളടക്കം

ക്രമ നമ്പർ	ഭാഗം 1	ഖണ്ഡിക നമ്പർ	പേജ് നമ്പർ
1	ബജറ്റ്	1-1	
2	വാർഷിക ധനകാര്യ പത്രിക	1-2	
3	വാർഷിക ധനകാര്യ	1-3	

	പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം		
4	സാമ്പത്തിക വിശകലനം	1-4	
5	ഫണ്ട് വിനിയോഗം	1-5	
6	പദ്ധതി അവലോകനം	1-6	
7	തനത് വരുമാനം	1-7	
8	ക്ഷേമ പദ്ധതികൾ	1-8	
9	ക്യാഷ് വെരിഫിക്കേഷൻ	1-9	
10	അഭ്യന്തര നിയന്ത്രണ സംവിധാനം	1-10	
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11	
	ഭാഗം 2		
12	ഹോഴ്സ് പവറിന് അനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല	2-1	
13	മോട്ടോർ ഫീ ഇനത്തിൽ ഈടാക്കിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല	2-2	
14	ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	2-3	
15	ജീവനക്കാരുടെ തൊജിൽ നികുതി ഈടാക്കിയില്ല	2-4	
16	സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	2-5	
17	രസീത് ഒടുക്ക് സംബന്ധിച്ച്	2-6	
18	ക്യാൻസൽ ചെയ്ത രസീതിലെ തുക വരവായി കാണിച്ചു	2-7	
19	വരവു തുകകൾ ഒടുക്കു വരുത്തുന്നതിൽ കാലതാമസം	2-8	
20	പഞ്ചായത്തിൽ ഡി. ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന	2-9	

	സ്ഥാപനങ്ങൾ 1742എണ്ണം		
21	റോഡ് കട്ടിംഗ് ചാർജ്ജ് – തുക ഉപയോഗിക്കുന്നില്ല	2-10	
22	രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന – രസീതുബുക്കുകൾ യഥാസമയം ഉപയോഗിക്കുന്നില്ല	2-11	
	ഭാഗം 3		
23	വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല	3-1	
24	തെരുവുവിളക്കുകളുടെ പരിപാലനം – വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നില്ല	3-2	
25	എസ്.സി. കോളനികളിൽ എൽ.ഇ.ഡി. സ്ഥാപിച്ചിട്ടില്ല	3-3	
26	ആസ്തിയായി രേഖപ്പെടുത്തിയ ബറിയൽ ഗ്രൗണ്ട് ഇല്ല	3-4	
27	അങ്കണവാടി ഭൂമി മറ്റൊരാളുടെ പേരിൽ	3-5	
28	വാർഷിക കണക്കുകളിലെ അപാകതകൾ	3-6	
29	അംഗീകാരം ലഭിച്ച് തുകയനുവദിച്ച 65-ൽ 31 പ്രവൃത്തികളുടെ 1,56,47,410/- രൂപ തൻവർഷം ചെലവഴിച്ചില്ല	3-7	
30	എ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററും വിവിധ അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല	3-8	
31	മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല – തടസ്സപ്പെടുത്തുന്ന തുക 100505/- രൂപ	3-9	
32	സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല – തുക	3-10	

	തടസ്സപ്പെടുത്തുന്നു		
33	നടപ്പാക്കാത്ത ജനോപകാരപ്രദമായ പദ്ധതികൾ	3-11(a)	
34	ജനോപകാരപ്രദമായ പദ്ധതി നടപ്പാക്കിയില്ല	3-11(b)	
35	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ – പത്ത് ലക്ഷം രൂപയുടെ വിനിയോഗമില്ല	3-12	
36	പോസ്റ്റ് ഷിഫ്റ്റിംഗ് – വിനിയോഗ രേഖകൾ ലഭ്യമല്ല	3-13	
37	എ.എ.വൈ. രസീത് ലഭിച്ചില്ല	3-14	
38	വെൽഫെയർ ഫണ്ട് ഒടുക്കിയിട്ടില്ല	3-15	
39	കന്നുകാലി ചന്തയിലെ കെട്ടിടം	3-16	
40	അങ്കണവാടി ഭൗതിക സാഹചര്യങ്ങൾ	3-17	
41	ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല	3-18	
42	രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു	3-19	
43	ആസ്തിയുടെയും റോഡിന്റെയും പിൽക്കാലത്തുണ്ടായ പുരോഗതികളും വ്യത്യാസങ്ങളും രജിസ്റ്ററിൽ ചേർത്ത് കാലീകമാക്കിയിട്ടില്ല	3-20	
44	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി	3-21	
45	തൊഴിൽ രഹിത വേതനം – അധികം നൽകി	3-22	
	ഭാഗം 4		
47	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1	
48	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2	
49		4-3	
50		4-4	
51	സ്ഥിരനിക്ഷേപങ്ങൾ	4-5	

52	ഓഡിറ്റ് റിക്കവറി	4-6	
53	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടെ ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7	
54	ഓഡിറ്റ് പ്രത്യവലോകനം	4-8	
55	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-9	
56	ഓഡിറ്റ് സാക്ഷ്യപത്രം	4-10	

k

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2014/15 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26-02-2014 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2015	24.07.2015	ഇല്ല	08.10.2015

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2014-2015	03.10.2015	KSA,KLMP1-1935/15 Dated 26.10.2015

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	10796443.60
വരവ്	101629725.00
ആകെ	112426168.00
ചെലവ്	790164724.00
നീക്കിയിരിപ്പ്	33409695.60

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കി യിരിപ്പ്	ചെലവ് ശതമാനം
വികസന ഫണ്ട് പൊതുവിഭാഗം	1400721	11624000	13024721	10883239	2141482	83.55
വികസന ഫണ്ട് എസ്.സി.പി.	4220600	11661000	15881600	10290905	5590695	64.79
വികസന ഫണ്ട് ടി.എസ്.പി.	0	12000	12000	0	12000	0
സംരക്ഷണ ഗ്രാന്റ് റോഡ്	400219	8038000	8438219	3839438	4598781	46.60
സംരക്ഷണഗ്രാന്റ് നോൺ റോഡ്	40947	3979000	4019947	1173624	2646323	33.15
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	581014	11151009	11732023	6884324	4847699	91.17
പെർഫോമൻസ് ഗ്രാന്റ്	1975828	3895000	5870828	1853693	4017135	31.57
എം.എൻ.ആർ. ഇ.ജി.എസ്.	54053	786970	841023	814774	26249	96.87
ബി ഫണ്ട്	0	24513152	24513152	24513152	0	100

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം

163	82115224	69	40792604	66	28	42.33

2014-2015-ൽ നടപ്പാക്കാത്ത പദ്ധതികൾ		
1	174/	ഇളംമ്പള്ളൂർ ബസ് സ്റ്റാന്റ്, ഷോപ്പ്, ടോയ് ലെറ്റ്, വെയിറ്റിംഗ് ഷെഡ് നവീകരണം
2	175/	ഇളംമ്പള്ളൂർ ബസ് സ്റ്റാന്റ് യാർഡ് നിർമ്മാണം
3	178/	പഞ്ചായത്ത് ഓഫീസിന് ക്യാബിൻ നിർമ്മാണം
4	182/	പഞ്ചായത്ത് ഓഫീസിൽ യാർഡ് നിർമ്മാണവും കമാനം സ്ഥാപിക്കൽ
5	173/	തെരുവ് വിളക്ക് വാങ്ങലും റിപ്പയറും
6	172/	പഞ്ചായത്ത് ഓഫീസിന് ടേയ് ലറ്റ് നിർമ്മാണം
7	169/	തെങ്ങയ്യം-മുല്ലശ്ശേരി ക്ഷേത്രം റോഡ് രണ്ടാം ഘട്ടം
8	162/	പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസും ലൈബ്രറി കെട്ടിട നവീകരണവും
9	155/	കോടിയാട്ട് ചിറ റാമ്പ് നിർമ്മാണം
10	150/	മൃഗാശുപത്രി കെട്ടിട മെയിന്റനൻസ്
11	137/	കാട്ടുവിള ജംഗ്ഷൻ- മടത്തിൽ മുക്ക് റോഡ് മെറ്റലിംഗ്, ടാറിംഗ് ആദ്യ ഘട്ടം, കലുങ്ക്, സൈഡ് വാൾ വാർഡ്-15
12	133/	മുകളുവിള അംഗൻവാടി-ജയന്തി കോളനി റോഡ്, സൈഡ് വാൾ നിർമ്മാണം വാർഡ്-10
13	128/	സുന്ദരൻ പിള്ള ഏലാ റോഡ് റീ-ടാറിംഗ്, പാർശ്വ ഭിത്തി വാർഡ്-ർ
14	125/	പെരുമ്പുഴ ഗവൺമെന്റ് എൽ.പി.എസ്. മുതൽ തെങ്ങുംപണ റോഡ് റീ-ടാറിംഗ് വാർഡ്-20
15	126/	ആനൂർ ജംഗ്ഷൻ ഫിൽറ്റർ ഹൗസ് റോഡ് കോൺക്രീറ്റ്, സൈഡ് വാൾ വാർഡ്-20
16	117/	പങ്കജം വീട് മുതൽ കന്യാകുഴി കാഷ്യൂ ഫാക്ടറി റോഡ് റീ-ടാറിംഗ്, കോൺക്രീറ്റ്, മെറ്റലിംഗ്, ടാറിംഗ് വാർഡ്-16
17	114/	കാമ്പിക്കട തുണ്ടുവീട് മുതൽ മുണ്ടപ്പള്ളി ഏലാ സൈഡ് രണ്ടാം ഘട്ടം മെറ്റലിംഗ്, ടാറിംഗ്, ചപ്പാത്ത് കോൺക്രീറ്റ് വാർഡ്-13
18	113/	മുസ്ലീം പള്ളി താഴം- കല്ലിങ്ങൽ തടത്തിൽ റോഡ് റീ-ടാറിംഗ് വാർഡ്-11
19	112/	ഗുരുമന്ദിരം ആയമൂല റോഡ് റീ-ടാറിംഗ്, സൈഡ് വാൾ വാർഡ്-11
20	111/	കല്ലുപാലക്കട ആറാട്ട് വിള റോഡ് റീ-ടാറിംഗ് സൈഡ് വാൾ വാർഡ്-10
21	110/	പാമ്പുറം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം മുതൽ രുംഗൻ മേശിരിക്കാവ് റോഡ് കോൺക്രീറ്റിംഗ് വാർഡ്-9
22	107/	കൊച്ചുവിളമുക്ക് മുതൽ കോട്ടയാടി ജോർജ്ജ്-ന്റെ വീട് വരെ റീ-ടാറിംഗ് (ക്രീഴക്കോട്ട് എം.റ്റി. എൽ.പി.എസ്. റോഡ് കോൺക്രീറ്റിംഗ്, എെറിഷ് ഡ്രെനേജ്, റീ-ടാറിംഗ്) വാർഡ്-5

23	104/	ആശാരി ജംഗ്ഷൻ പ്ലാവിലഴികം ബാക്കി ഭാഗവും മേലെക്കുന്നത്ത് ജംഗ്ഷൻ മുതൽ കണ്ണാട്ടുഭാഗം വരെയും റോഡ് റി-ടാറിംഗ് വാർഡ്-6
24	102/	ഇളംമ്പള്ളൂർ ബസ് സ്റ്റാന്റ് മുതൽ പൂജ ബ്രഡ് കമ്പനി വരെ ഓട മെയിന്റനൻസ്സും ഓട സ്ലാബിടലും വാർഡ്-3
25	140/	പേവിഷബാധ നിർമ്മാർജനം, തെരുവ് നായ്ക്കളുടെ നിയന്ത്രണം
26	11/	കോവിൽമുക്ക് വാർഡിൽ വാട്ടർ ടാങ്കിനു ഭൂമി വാങ്ങൽ
27	152/	ആലുംമൂട് ലക്ഷംവീട് കോളനിയിലെ പൊതുകിണർ മെയിന്റനൻസ്
28	84/	സ്വയംതൊഴിൽ സംരംഭം

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം (+)/(-)
നികുതി വരവുകൾ	5610317	8227812		
നികുതിയേതര വരവുകൾ	3529271	1972228		
മറ്റുവരവുകൾ	8630241	10045214		
ആകെ	**17769829**	**20245254**	**2475425**	**+12%**

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	477360	336
കർഷകതൊഴിലാളി പെൻഷൻ	1334392	183
വിധവാപെൻഷൻ	14355327	1765
വാർദ്ധക്യകാലപെൻഷൻ	3867540	890
വികലാംഗപെൻഷൻ	3388179	458
അവിവിവഹിതർക്കുള്ള പെൻഷൻ	364560	49
വിവാഹ ധന സഹായം	720000	25

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2016-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4240/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടുവാനുണ്ട്. വരുമാനസ്രോതസുകളിൽ പകുതിയിൽ താഴെ മാത്രമേ പ്രയോജനപ്പെടുത്തുന്നുള്ളു. ഡി.&ഒ., തൊഴിൽ നികുതി എന്നിവയുടെ 20% മാത്രമാണ് പിരിച്ചെടുക്കുന്നത്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ കാര്യക്ഷമമല്ല. ലൈസൻസ് എടുക്കാതെയുള്ള വ്യാപാരം നിയന്ത്രിക്കുന്നില്ല. കെ.എസ്.ഇ.ബി.-യിലേക്ക് ഒടുക്കുന്ന, തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് സംബന്ധിച്ച യാതൊരു രേഖകളും സൂക്ഷിക്കുകയോ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ ആരംഭിക്കുകയോ ചെയ്തിട്ടില്ല.

ആസ്തി സംബന്ധമായ രേഖകൾ പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല. ഉദാഹരണമായി ബറിയൽ ഗ്രൗണ്ടിന്റെ കൃത്യമായ ലൊക്കേഷൻ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്ത് നിർമിച്ച കെട്ടിടം അവഗണിക്കപ്പെട്ട് നശിക്കുന്നത് തടയാനുള്ള നടപടികൾ കൈക്കൊണ്ടിട്ടില്ല.

പ്രോജക്ടുകൾ പലതും തൻവർഷം ചെയ്യാതെ ഉപേക്ഷിക്കുകയോ കാലതാമസം വരുത്തുകയോ ചെയ്തിട്ടുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	23.05.16 – 24.05.16	04/2016	ലഭ്യമായില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	16.12.13 – 31.12.13	2008-09 – 2012-13	31.01.2014

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഹോഴ്സ് പവറിന് അനുസരിച്ചുള്ള ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

2014-15 ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിൽ യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ ഹോഴ്സ് പവറിന് അനുസരിച്ചുള്ള (പഞ്ചായത്ത് രാജ് ചട്ടം 17,18 പ്രകാരം) ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ്/കെട്ടിടനമ്പർ വ്യക്തിയുടെ പേര് വിലാസം	സ്ഥാപനം	യന്ത്രത്തിന്റെ കുതിര ശക്തി	ഈടാക്കിയത് തുക	ഈടാക്കേണ്ട തുക	നഷ്ടം
1	X/879A ശ്യാമള ജി., വീജയ്‌ലക്ഷ്മിവിലാസം, പുനുക്കന്നൂർ	ഫ്ലവർ മിൽ	15 HP	150	200	50/-
2	VII/1165/1166 വി. ശ്രീധരൻ പിള്ള ഉഷസ്സ്, ആലുംമുട്	തീപ്പെട്ടികൊള്ളി നിർമ്മാണം	14 HP	150	200	50/-
3	XII/645 രഞ്ജിത്ത്കുമാർ.ആർ. തടവിള പുത്തൻവീട്, പെരുമ്പുഴ	വെൽഡിംഗ് വർക്ക ഷോപ്പ്	13 HP	150	200	50/-
4	VII/372-387 പ്രതാപ് നായർ സൺഫുഡ് കോർപ്പറേഷൻ, കുരിപ്പള്ളി	സൺഫുഡ് കോർപ്പറേഷൻ	15 HP	150	200	50/-
5	XVIII/572 ബീന, മധുഭവനം, പെരുമ്പുഴ	വെൽഡിംഗ് വർക്ക ഷോപ്പ്	2 HP	-	50/-	50/-
6	XIV/29 റഹീം കുട്ടി, ആർ.ആർ. മൻസിൽ, കാഞ്ഞിരക്കോട്, കുണ്ടറ	സാ മിൽ	25 HP	250	300/-	50/-
	ആകെ					**300/-**

നിശ്ചിത മാനദണ്ഡ പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

2-2 മോട്ടോർ ഫീ ഇനത്തിൽ ഈടാക്കിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

2014-15 ഡി.&ഒ. ലൈസൻസ് ഫീസ് ഇനത്തിൽ യന്ത്രവൽകൃത വ്യവസായങ്ങളിൽ യന്ത്രങ്ങളുടെ ഹോഴ്സ് പവർ രേഖപ്പെടുത്താതെ മോട്ടോർ ഫീ ഈടാക്കിയിട്ടുണ്ട്. ആയതിനാൽ മോട്ടോർ ഫീ ഇനത്തിൽ ഈടാക്കിയ തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വ്യക്തിയുടെ പേര് / വിലാസം	സ്ഥാപനം	മോട്ടോർ ഫീസ്

1	എം. ഹംസ മാർക്ക് റസിഡൻസി, പള്ളിത്തോട്ടം പി.ഒ.,കൊല്ലം	PVC പൈപ്പ് ഫിറ്റിംഗ്	1500/-
2	രാജു കെ ബെഥസ്ദ , നെടുമ്പന	സിമന്റ് ഹോളോ ബ്രിക്സ്	150/-
3	മഹേന്ദ്ര കുമാർ പണ്ടകശാല ഹൗസ്, അറുനൂറ്റി മംഗലം, മംഗലം നഗർ, മങ്ങാട്	തീപ്പട്ടികൊള്ളി നിർമ്മാണം	300/-
4	ചന്ദ്രലേഖ, പണ്ടകശാല ഹൗസ്, അറുനൂറ്റി മംഗലം, മംഗലം നഗർ, മങ്ങാട്	ടിമ്പർ സെയിൽസ് , തീപ്പട്ടികൊള്ളി നിർമ്മാണം	400/-
5	നിസ്സാമുദ്ദീൻ, മുക്കളുവിള വീട്, ചന്ദനത്തോപ്പ്	തീപ്പട്ടികൊള്ളി നിർമ്മാണം/ പെൻസിൽ സ്ലാട്ട് നിർമ്മാണം	200/-
6	റ്റി.വി. ലോണി തമ്മൻ തടത്തിൽ , ലോണി വുഡ് വർക്കിംഗ് , കുണ്ടറ	തടി അറുത്ത് സ്റ്റോക്ക് ചെയ്യുന്നു	400/-
7	ജി. പി രവികുമാർ കുളങ്ങരയക്കൻ, നടക്കതിൽ, പുനുക്കന്നൂർ	ഫ്ലവർ മിൽ	200/-

മോട്ടോർ ഫീ ഇനത്തിൽ ഈടാക്കിയ തുകയുടെ കൃത്യത ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

2-3 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2014- 15-ൽ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നു ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	നികുതി ഈടാക്കാത്ത അർധ വർഷം
1	ശ്രീ. ശ്രീ അക്കാഡമി, കുണ്ടറ	I , II
2	വിജയലക്ഷ്മി കാഷ്യു കമ്പനി, പെരുമ്പുഴ	I , II
3	DDRC SRL ഡയഗനോസ്റ്റിക്ക് , കുണ്ടറ	I , II
4	സ്റ്റാർ ഹെൽത്ത് ഇൻഷ്വറൻസ് , കുണ്ടറ	I , II

5	നോബൽ പബ്ലിക്ക് സ്കൂൾ, പെരുമ്പുഴ	I , II
6	ബഹ്റിൻ ഫിനാൻസിയേഴ്സ്, കുണ്ടറ	I , II
7	തമ്പുരാൻ ഫിനാൻസിയേഴ്സ്, കുണ്ടറ	I , II
8	നെടിയവിള ഫിനാൻസിയേഴ്സ്	I , II
9	ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി , ഇളമ്പള്ളൂർ	I , II
10	അർച്ചന ഗോൾഡ് ഫിനാൻസ്, കുണ്ടറ	I , II
11	ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത്	II
12	മൈനർ ഇറിഗേഷൻ സെക്ഷൻ, കുണ്ടറ	II
13	എൽ.എസ്.ജി.ഡി. സെക്ഷൻ	II
14	സപ്ലൈ ഫുഡ് കോർപ്പറേഷൻ, കുരീപ്പള്ളി	II
15	കൺസ്യൂമർ ഫെഡ്, ഇളമ്പള്ളൂർ	II
16	പി.എച്ച്.സി., കൊറ്റങ്കര	II

മേൽ സ്ഥാപനങ്ങളിൽ നിന്നു് ജീവനാക്കാരുടെ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

2-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1) കേരള വാട്ടർ അതോറിട്ടിയിൽ ജോലി നോക്കുന്ന ശ്രീരാജ് എസ്. എന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒന്നാം അർദ്ധ വർഷ തൊഴിൽ നികുതി 1250/- രൂപ അടവാക്കിയിട്ടുണ്ടെങ്കിലും, രണ്ടാം അർദ്ധ വർഷ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

2) ESI Dispensary-ൽ ജോലി നോക്കുന്ന ഡോ.ശീത്തൽ ജോസിൽ നിന്നും I, II അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി 2500/- രൂപ ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം അറിക്കേണ്ടതാണ്.

2-5 സ്ഥാപനങ്ങളിൽ നിന്നു് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2014- 15ൽ തൊഴിൽ നികുതി പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നു് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനങ്ങളുടെ പേര്	നികുതി ഈടാക്കാത്ത അർധ വർഷം	ഈടാക്കേണ്ട തൊഴിൽ നികുതി

1	BSNL	I , II	2500/-
2	Penial School, Keralapuram	I , II	2500/-
3	St.Vincent's Convent School, Keralapuram	I , II	2500/-
4	St.Andrews English Medium School, Kundara	I , II	2500/-
5	Popular Finance, Kundara	I , II	2500/-
6	Kerala Gramin Bank	I ,	1250/-
7	United India Insurance Company Ltd	II	1250/-
8	South Indian Bank, Kundara	II	1250/-
9	Perumpuzha Gramodharana Service Co-operative Bank No.2533	I	1250/-
10	Capex, Perumpuzha	I , II	2500/-
11	KSCDC Factory No.20	II	1250/-
12	Assissi Atonement Hospital, Perumpuzha	I , II	2500/-
13	Electrical Section, Perumpuzha	I , II	2500/-
14	Maveli Store, Perumpuzha	I , II	2500/-
15	Kerala Beverages Corporation, Kundara	I , II	2500/-
16	LMS Boys Brigade Hospital, Kundara	I , II	2500/-
17	Sun Food Corporation, Kureeppally	I , II	2500/-
18	Neema Benefit Fund Ltd	II	1250/-
19	Consumer Fed	I , II	2500/-
20	Muthoot Finance Ltd, Kureeppally	I , II	2500/-
21	Dhanya Supermarket, Elampalloor	I , II	2500/-
22	Muthoot Estate Investments, Kundara	I , II	2500/-
23	Tasty Nuts Industries	I , II	2500/-

24	Sree Sree Academy , Kundara	I , II	2500/-
25	Vijayalekshmi Cashew Company	I , II	2500/-
26	DDRL SRL Diagnostics Center	I , II	2500/-
27	Star Health Insurance	I , II	2500/-
28	LMS ANM Training School	I , II	2500/-
29	Kollam District Co-operative Bank, Kundara	I , II	2500/-
30	Manappuram Finance Ltd, Kundara	II	1250/-
31	KSFE, Kundara	II	1250/-
32	KSFE, Elampalloor	I , II	2500/-

ടി സ്ഥാപനങ്ങളിൽ നിന്നു് സ്ഥാപന തൊഴിൽ നികുതി ഈടാക്കിട്ടുണ്ടങ്കിൽ ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സ്ഥാപന തൊഴിൽ നികുതി ഇൗടാക്കി വിവരം അറിയിക്കേണ്ടതാണ്.

2-6 രസീത് ഒടുക്ക് സംബന്ധിച്ച്

ഫ്രണ്ട് ഓഫീസിൽ ഉപയോഗിച്ച രസീത് 72-75/39155 പ്രകാരം 7-11-2014 തീയതിയിൽ വന്ന വരവ് യഥാക്രമം 343/-, 480/-, 5000/-, 370/- രൂപയാണ് (ആകെ 6193/-രൂപ). ആയത് ഇന്ററപ്റ്റഡ് (Interrupted) രസീതായി 7-11-2014 തീയതിയിൽ കാണിക്കേണ്ടതാണ്. എന്നാൽ 7-10-2014 തീയതിയിൽ വരവ് വന്നതായി കാണിച്ചിട്ടുണ്ട്. തീയതി മാറ്റത്തിന്റെ കാരണം വിശദീകരിക്കാൻ എൻകയറി നമ്പർ 11 തീയതി 24-6-16 നൽകിയതിന് കമ്പ്യൂട്ടറിൽ ഇന്ററപ്റ്റഡ് രേഖപ്പെടുത്തിയപ്പോൾ 7-11-2014 എന്നുള്ളത് 7-10-2014 എന്ന തീയതിയായി വന്നിട്ടുള്ള തെറ്റ് IKM സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായത്താൽ തിരുത്താവുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. IKM സാങ്കേതിക ഉദ്യോഗസ്ഥരുടെ സഹായത്താൽ തീയതി മാറ്റം വരുത്തി അറിയിക്കേണ്ടതും ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2-7 ക്യാൻസൽ ചെയ്ത രസീതിലെ തുക വരവായി കാണിച്ചു

രസീത് പരിശോധനയിൽ രസീത് നമ്പർ 56/2952 തീയതി 10-3-2015-ൽ ക്യാൻസൽ ചെയതിട്ടുണ്ടങ്കിലും ആയതിന്റെ വരവായി എഴുതിയ വാർഡ് 9/826-ലെ ജലാലുദീൻ, അമ്പലംവിള വീട് എന്ന വ്യക്തിയുടെ 2013-14, 2014-15 കെട്ടിട നികുതി 745/- രൂപ പഞ്ചായത്തിൽ ഒടുക്കിയതായി കാണുന്നു. ക്യാൻസൽ ചെയ്യപ്പെട്ട രസീത് വരവിന്റെ ഒടുക്ക് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻകയറി നമ്പർ 2 തീയതി 21-6-16-ന് ടി നമ്പർ കെട്ടിടത്തിന്റെ പഴയ കെട്ടിട നികുതി 17/- രൂപയായിരുന്നു എന്നും കെട്ടിടം പുതുക്കി പണിതതനുസരിച്ചുള്ള കെട്ടിട നികുതി 742/- രൂപയുടെ രസീത് എഴുതുകയും എന്നാൽ പ്രസ്തുത തുക അടവാക്കാൻ കെട്ടിട ഉടമ വിസമ്മതിച്ചതിനാൽ രസീത് ക്യാൻസൽ ചെയ്യുകയും ക്ലാർക്കിന്റെ പക്കൽ നിന്നും അറിയാതെ പഞ്ചായത്ത് അക്കൗണ്ടിൽ ടി തുക ഒടുക്ക്

വരുത്തിയിട്ടുള്ളതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പക്ഷേ ക്യാൻസൽ ചെയ്ത രസീതിന്റെ ഒടുക്ക് അഭ്യന്തര നിയന്ത്രണത്തിന്റെ വീഴ്ചയാണ് വ്യക്തമാക്കുന്നത്.

2-8 വരവ് തുകകൾ ഒടുക്ക് വരുത്തുന്നതിൽ കാലതാമസം

രസീത് നമ്പരും തീയതിയും	തുക	ഒടുക്കു വരുത്തിയ തീയതി	കാലതാമസം
57/52848, തീയതി 31.12.2014	24	21.03.2015	2 മാസം 22 ദിവസം
58/52848, തീയതി 31.12.2014	1020	21.03.2015	2 മാസം 22 ദിവസം
22/52870,തീയതി 04.03.2015	332	28.03.2015	23 ദിവസം

പഞ്ചായത്ത് വരവ് വരുന്ന തുകകൾ അതേ ദിവസം ഫ്രണ്ട് ഓഫീസിൽ ഒടുക്ക് വരുത്തേണ്ടാണ്. മേൽപ്രകാരം കാലതാമസം ഉണ്ടായതിന്റെ കാരണം വിശദീകരിക്കാൻ എൻകയറി നമ്പർ 5 തീയതി 23.06.2016 നൽകി. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ക്ലാർക്ക് ശ്രീ. അനന്തു, കാഷ്യർ സുമ, അക്കൗണ്ടന്റ് വിജോയ് മാത്യു എന്നിവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതായും ബന്ധപ്പെട്ടവർക്ക് മാർച്ച് മാസത്തിലെ ജോലിത്തിരക്കു മൂലം ഉണ്ടായ പിഴവാണെന്നും വീഴ്ചകൾ ആവർത്തിക്കില്ലെന്നും കാണിച്ച് മറുപടിയും ലഭിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-9 പഞ്ചായത്തിൽ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ - 1742 എണ്ണം

2014-15-ൽ 21 വാർഡുകളിലായി 2188 കൊമേഴ്സ്യൽ കെട്ടിടങ്ങൾ ഉണ്ട് . ടി കൊമേഴ്സ്യൽ കെട്ടിടങ്ങളിൽ 1742 സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഈടാക്കിയിട്ടില്ല എന്നാണ് ഈ പഞ്ചായത്ത് നിന്നും കിട്ടിയ വിവരം. വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	ആകെ കെട്ടിടങ്ങൾ	റസിഡൻഷ്യൽ	കൊമേഴ്സ്യൽ	ഡി & ഒ എടുത്തവ	ഒഴിഞ്ഞു കിടക്കുന്നവ	ഡി & ഒ എടുക്കാത്തവ

1	I	787	647	123	15	7	101
2	II	668	581	71	11	10	50
3	III	1001	504	427	110	26	291
4	IV	906	532	296	50	12	234
5	V	670	524	116	20	11	85
6	VI	618	591	23	8	3	12
7	VII	667	610	35	10	7	18
8	VIII	614	540	49	10	12	27
9	IX	722	598	74	25	11	38
10	X	984	731	202	40	16	146
11	XI	741	665	40	10	14	16
12	XII	720	596	97	11	13	73
13	XIII	727	607	102	11	14	77
14	XIV	580	442	83	25	21	47
15	XV	650	567	49	9	13	27
16	XVI	642	542	62	5	14	43
17	XVII	559	455	65	11	11	43
18	XVIII	505	460	24	10	7	7
19	XIX	565	453	95	19	14	62
20	XX	650	505	125	30	13	82
21	XXI	557	514	30	12	5	13
		14533	11664	2188	452	254	1492

ഇത്രയും സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ലൈസൻസും, തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണമായും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-10 റോഡ് കട്ടിംഗ് ചാർജ്ജ് -തുക ഉപയോഗിക്കുന്നില്ല.

2014-15-ലെ വാർഷിക കണക്കുകളിൽ restoration charge for road cutting എന്നപേരിൽ 39700/- രൂപ വരവ് ഉണ്ട്. എന്നാൽ ഈ തുക ഉപയോഗിച്ച് പെപ്പ് ലൈൻ എടുക്കുന്നതിനു വേണ്ടി കുഴിച്ച റോഡുകൾ നന്നാക്കിയതിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (24/-06-2016) മറുപടി ലഭ്യമാക്കിയില്ല. തനതു ഫണ്ടിൽ നിക്ഷേപിക്കുന്ന പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2-11 രസീതിന്റെ സ്റ്റോക്ക് രജീസ്റ്റർ പരിശോധന -രസീതുകൾ യഥാസമയം ഉപയോഗിക്കുന്നില്ല

2014-15 രസീതിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ രസീത് ബുക്കുകൾ യഥാസമയം ഉപയോഗിക്കാതെ കൈയിൽ സൂക്ഷിക്കുന്നതായും ഔട്ട്-ഡോർ കളക്ഷൻ കാര്യക്ഷമമായി നടത്തപ്പെടുന്നില്ല എന്നും വ്യക്തമാകുന്നു.

ക്രമ നമ്പർ	ഉദ്യോസ്ഥരുടെ പേര	രസീത്ബുക്ക് ആദ്യമായി എടുത്ത തീയതി	രണ്ടാമത്തെ രസീത് ബുക്ക് എടുത്ത തീയതി	കാല താമസം
1	അനിൽകുമാർ ആർ.	24-6-14	12-12-14	6 മാസം
2	അനിൽ കെ.	20-9-14	-	6 മാസം
3	മായ എസ്.ആർ.	18-11-14	-	8 മാസം
4	സുമ എം.	25-4-14	25-11-14	7 മാസം
5	അനന്ദു ആർ.ആർ.	12-12-14	-	9 മാസം
6	ജോസ് എ.	17-12-14	-	9 മാസം

2014-15 വർഷ ആരംഭത്തിൽ രസീത്ബുക്കുകൾ കൈപ്പറ്റിയിട്ടുള്ളതായി കാണുന്നില്ല. പഞ്ചായത്തിന്റെ വരുമാനത്തിൽ വരുന്ന കുറവ്, ഉദ്യോസ്ഥരുടെ ഔട്ട്-ഡോർ കളക്ഷനിൽ വരുന്ന കുറവായിട്ടാണ് കാണുന്നത്. മേൽ പറഞ്ഞ ഉദ്യോഗസ്ഥർ കൈപ്പറ്റിയ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിന്റെ കാലതാമസതിന്റെ കാരണം വിശദീകരിക്കുന്നതിനും മറ്റ് ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ഓഫീസ് ഓർഡർ സഹിതം ലഭ്യമാക്കാനും എൻകൃയറി നമ്പർ 6 തീയതി 23.6.16 നൽകി. ആയതിന് സെക്രട്ടറി നൽകിയ മറുപടിയിൽ വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിനാൽ ടാക്സ് റിവിഷൻ പ്രകാരമുള്ള പുതുക്കിയ കരം വാങ്ങേണ്ടതായിട്ടുള്ളതിനാലാണ് രസീത് ബുക്ക് ഓഡിറ്റ് എൻകൃയറിയിൽ പറഞ്ഞതുപ്രകാരം ഉപയോഗിക്കാതിരുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. ഔട്ട്-ഡോർ കളക്ഷൻ കാര്യക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബിൽ നമ്പർ	തീയതി	തുക	വൗച്ചർ നമ്പർ
1216/14-15	31.03.2015	230526	21401380
1217/14-15	31.03.2015	320800	21401381
1218/14-15	31.03.2015	18000	21401382
1219/14-15	31.03.2015	4610	21401383
1230/14-15	31.03.2015	11940	21401384
1231/14-15	31.03.2015	144150	21401385
1232/14-15	31.03.2015	2230	21401386
1233/14-15	31.03.2015	360	21401387
1234/14-15	31.03.2015	1578	21401388
1235/14-15	31.03.2015	193	21401389
1236/14-15	31.03.2015	6000	21401390
1237/14-15	31.03.2015	7500	21401391
1238/14-15	31.03.2015	32000	21401392
1239/14-15	31.03.2015	26000	21401393
1240/14-15	31.03.2015	6000	21401394
1241/14-15	31.03.2015	24000	21401395
1242/14-15	31.03.2015	6000	21401396
1243/14-15	31.03.2015	24000	21401397
1244/14-15	31.03.2015	5850	21401398
1245/14-15	31.03.2015	5850	21401399
1246/14-15	31.03.2015	14800	21401400
1247/14-15	31.03.2015	4000	21401401
1248/14-15	31.03.2015	1200	21401402
1249/14-15	31.03.2015	18425	21401403
1250/14-15	31.03.2015	16000	21401404
1251/14-15	31.03.2015	13000	21401405
1252/14-15	31.03.2015	12000	21401406
1253/14-15	31.03.2015	12000	21401407
1254/14-15	31.03.2015	39140	21401408
1255/14-15	31.03.2015	41216	21401409
1256/14-15	31.03.2015	102810	21401410
1257/14-15	31.03.2015	29438	21401411
1258/14-15	31.03.2015	148000	21401412
1194/14-15	30.03.2015	225000	21401358

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറി നമ്പർ 30 /30.06.16 മറുപടി ലഭ്യമാക്കുകയോ, വൗച്ചർ ഹാജരാക്കുകയോ ചെയ്തിട്ടില്ല. അതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 തെരുവുവിളക്കുകളുടെ പരിപാലനം - വ്യക്തമായ കണക്കുകൾ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് കറണ്ട് ചാർജ്ജ് ഇനത്തിൽ തുക നൽകുന്നുവെങ്കിലും ആയത് സംബന്ധിച്ച് വ്യക്തമായ രേഖകൾ പഞ്ചായത്തിൽ

സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര ബൾബുകൾ, ട്യൂബുകൾ എന്നിങ്ങനെ വൈദ്യുതോപകരണങ്ങളുടെ ഇനം തിരിച്ചുള്ള യാതൊരു രേഖകളോ രജിസ്റ്ററോ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നമ്പർ 20/-06-2016) മറുപടി ലഭ്യമാക്കിയില്ല. തെരുവുവിളക്കുകൾക്ക് തൻവർഷം കറണ്ട് ചാർജ്ജ് ഇനത്തിൽ നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ	തീയതി	തുക
27/14-15	21-04-2014	113572/-
92/14-15	12-05-2014	113572/-
201/14-15	18-06-2014	113572/-
268/14-15	15-07-2014	113572/-
371/14-15	14-08-2014	113572/-
510/14-15	16-09-2014	113572/-
580/14-15	15-10-2014	113572/-
674/14-15	10-11-2014	72033/-Arrear
674/14-15	10-11-2014	142385/-
758/14-15	08-12-2014	142385/-
870/14-15	09-01-2015	142385/-
931/14-15	09-02-2015	142385/-
1105/14-15	10-03-2015	142385/-

ക്യത്യമായ കണക്കുകൾ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ആകെ ചെലവഴിച്ച 15 ,78,962/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-3 എസ്.സി.കോളനികളിൽ എൽ.ഇ.ഡി.സ്ഥാപിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	SO 154/15
പ്രോജക്ട്	എസ്.സി. സങ്കേതം,കോളനികളിൽ എൽ.ഇ.ഡി.
അടങ്കൽ	845094/- രൂപ
ബിൽ തുക	842880/- രൂപ

ബിൽ നമ്പർ	1169/31.03.2015
നിർവ്വഹണ ഏജൻസി	യുണൈറ്റഡ് ഇലകട്രിക്കൽസ്

എസ്.സി. സങ്കേതം കോളനികളിൽ എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനായി കൊല്ലം യുണൈറ്റഡ് ഇലകട്രിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 192 എൽ.ഇ.ഡി. ബൾബുകൾ വാങ്ങിയിട്ടുണ്ട്. സ്റ്റോക്കിലെടുത്ത് ഈ സാധനങ്ങൾ യുണൈറ്റഡ് ഇലകട്രിക്കൽസിലിനു തന്നെ നൽകിയതായി രേഖപ്പെടുത്തിയെങ്കിലും ആരും കൈപ്പറ്റിയതായി ഒപ്പിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ 192 എൽ.ഇ.ഡി. ബൾബുകൾ എവിടെ സ്ഥാപിച്ചു, ഏതു നമ്പറിലുള്ള പോസ്റ്റിൽ, എന്നു സ്ഥാപിച്ചു എന്നു തെളിയിക്കുന്ന യുണൈറ്റഡ് ഇലകട്രിക്കൽസിന്റെ സാക്ഷ്യപത്രവും വാർഡ് മെമ്പറുടെ സാക്ഷ്യപത്രവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 27/30-06-2016-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-4 ആസ്തിയായി രേഖപ്പെടുത്തിയ ബറിയൽ ഗ്രൗണ്ട് ഇല്ല

2014-15 വർഷം വാർഷിക കണക്കുകളിലെ B-11 ഷെഡ്യൂളിൽ ഫിക്സഡ് അസറ്റ് എന്ന പേരിൽ ചേർത്തിരിക്കുന്ന Buildings-Burial Grounds (ഹെഡ് കോഡ് -410200104) പഞ്ചായത്തിൽ എവിടെ സ്ഥിതി ചെയ്യുന്നുവെന്ന് കണ്ടെത്താനായില്ല. ഇതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് 21.06.2016 തീയതിയിൽ 1-ാംനമ്പർ ആയി നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2013-14 വർഷത്തെ വാർഷിക കണക്കുകളുടെ ബാലൻസ് ഷീറ്റിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രാദേശിക പരിശോധനയിൽ 2005-ൽ സ്ഥാപിച്ച വാട്ടർ ഷെഡും 2010-ൽ ഉത്ഘാടനം ചെയ്ത അങ്കണവാടിയും ചേർന്ന് സ്ഥിതിചെയ്യുന്ന ഏകദേശം പത്ത് സെന്റിൽ താഴെ വരുന്ന പുരയിടമാണ് ഓഡിറ്റ് ടീമിനെ കാണിച്ചു തന്നത്. പ്രസ്തുത പ്രദേശമാണ് വാർഷിക കണക്കുകളിലെ ബറിയൽ ഗ്രൗണ്ട് എന്ന് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള ബറിയൽ ഗ്രൗണ്ട് എന്ന് അസറ്റായി ചേർത്തിരിക്കുന്ന ഭൂമിയുടെ അസൽ പ്രമാണവും പേരിൽ കൂട്ടി കരം ഒടുക്കിയ രേഖകളും ഹാജരാക്കുകയും ആയതിന്റെ അതിർത്തി നിർണ്ണയിച്ചും ഓഡിറ്റിന് ഭൗതീക പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-5 അങ്കണവാടി ഭൂമി മറ്റൊരാളുടെ പേരിൽ

ഗ്രാമ പഞ്ചായത്തിലെ 13-ാം വാർഡിലെ 21-ാം നമ്പർ അങ്കണവാടി സ്ഥിതിചെയ്യുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ പേരിൽ ആണ്. ഡാനിയൽ മകൻ സീമോൻ എന്ന പേരിൽ ആണ് ഈ സ്ഥലത്തിന് വല്ലേജ് ഓഫിസിൽ കരം ഒടുക്കിയിരിക്കുന്നത്. B2-18/437/11 എന്ന സർവ്വേ നമ്പറിലുള്ള ഈ സ്ഥലം പഞ്ചായത്തിന്റെ പേരിൽകൂട്ടി കരം ഒടുക്കി പഞ്ചായത്തിന്റെ ആസ്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

3-6 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിൽ താഴെ കൊടുത്തിരിക്കുന്ന തുകകളുടെ വിശദാംശങ്ങൾ പരിശോധിച്ച് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത തുകകളുടെ ചെലവ് രേഖകൾ/ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1) 320200202 -Fund for transferred institutions – Animal Husbandry – Capital എന്ന പേരിൽ ചേർത്തിരിക്കുന്ന 5,00,000/- രൂപ

2) 320300303 -Grants, Funds & contributions for specific purposes – other than Development Fund and State Sponsored എന്ന പേരിൽ 5,41,600/- രൂപ

3) B-8-ൽ Deposit Work – Electrical (ഹെഡ് നമ്പർ 341200101) എന്ന പേരിൽ 24,000/- രൂപയും Deposit Works – Others എന്ന പേരിൽ (ഹെഡ് നമ്പർ 341200101) 64,000/- രൂപ

4) B-14-ൽ Closing Stock – Stores എന്ന പേരിൽ ചേർത്തിരിക്കുന്ന 1225/- രൂപയുടെ സ്റ്റോക്കും ആയത് ഉപയോഗിച്ച്/വിതരണം ചെയ്തതിന്റെ വിവരങ്ങൾ.

5) B-18. Loans, Advances and Deposits എന്ന ഹെഡിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകളുടെ വിവരങ്ങൾ

ഹെഡ് നമ്പർ	വിവരണം	തുക
460100101	Festival advance	8,000
460100103	Temporary advance for official purposes	81,000
460500201	Advance to implementing agencies – Deposit with KWA	10,00,000

3-7 അംഗീകാരം ലഭിച്ച് തുകയനുവദിച്ച 65-ൽ 31 പ്രവൃത്തികളുടെ 1,56,47,410/-രൂപ തൻവർഷം ചെലവഴിച്ചില്ല

പദ്ധതി അംഗീകാരം ലഭിച്ച് തുകയനുവദിച്ച 65 പ്രവൃത്തികളിൽ 31 പ്രവൃത്തികൾ തൻവർഷം നടത്താതിരുന്നതിനാൽ 1,56,47,410/- രൂപ തൻവർഷം ചെലവഴിച്ചില്ല.

ഇളംമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളിൽ ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം അപാകതകൾ കാണുന്നു.

2014-15-ൽ 2,65,92,609/- രൂപയുടെ ആകെ 65 പ്രവൃത്തികളിൽ 34 പ്രവൃത്തികൾക്കായി 1,09,45,199/- രൂപ മാത്രമാണ് ചെലവഴിച്ചത് (50% ശതമാനത്തിൽ താഴെയാണ് ഉപയോഗം). അംഗീകരിച്ച് തുകയനുവദിച്ച 31 പ്രവൃത്തികളുടെ 1,56,47,410/- രൂപ ചെലവഴിക്കാത്തത് കാരണം ജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന സേവനവും സൗകര്യവും നഷ്ടപ്പെടുത്തിയതിന്റെ കാരണം വിശദീകരിയ്ക്കുവാൻ നല്കിയ ഓഡിറ്റ് എൻകയറി നമ്പർ 9/14-15-ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം മറുപടി നല്കി.

എഗ്രിമെന്റ് വയ്ക്കാൻ താമസിച്ചതുകൊണ്ടാണ് പ്രവൃത്തികൾ പൂർത്തിയാകാൻ

സമയമെടുക്കുന്നതെന്നും ലേറ്റ് ഫീസ് ഈടാക്കുന്നുണ്ടെന്നും ചില വർക്കുകൾ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കാലതാമസം കൂടാതെ അതാത് വർഷങ്ങളിലെ പദ്ധതികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററും വിവിധ അംഗൻവാടികളിലെ സ്റ്റോക്ക് രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2014-15 വർഷം നടപ്പാക്കിയ അംഗൻവാടി പോഷകാഹാര പദ്ധതി – S0021/15 (വികസന ഫണ്ട്-20,00000/-രൂപ; സെൻട്രൽ ഷെയർ-10,00000/-രൂപ ;മൊത്തം അടങ്കൽ തുക-30,00000/-രൂപ;ചെലവ്-വികസന ഫണ്ട്-20,00000/-രൂപ;ബിൽ നം.1/14-15;ബിൽ നം3/14-15;ബിൽ നം5/14-15;

ബിൽ നമ്പർ 9/14-15; സെൻട്രൽ ഷെയർ -2,50,781/-രൂപ എന്ന പദ്ധതിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററും വിവിധ അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് അംഗൻവാടി നമ്പർ 16-ന്റെ സ്റ്റോക്ക് രജിസ്റ്ററിൽ റ്റി.എച്ച്.ആർ.എസ്. മിശ്രിതം 35 kgഎന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ 50.500 kg എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അംഗൻവാടി നമ്പർ 21-ന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ശർക്കര 20 kg എന്നും ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ സ്റ്റോക്ക് രജിസ്റ്ററിൽ 50 kg എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ അരി, എണ്ണ ,പയർ എന്നിവയുടെ അളവിലും വ്യത്യാസം കാണുന്നു. ഇതിൽ നിന്നും ഇവ ശരിയായ അളവിൽ അംഗനവാടികളിലേയ്ക്ക് നൽകുന്നില്ല എന്ന് വിലയിരുത്തുന്നു. ആയതിനാൽ ഈ വിഷയത്തിന്മേൽ വകുപ്പുതല അന്വേഷണത്തിനു ശുപാർശ ചെയ്യുന്നു.

3-9 എം.ഒ പി.എച്ച്.സി നടപ്പാക്കിയ പദ്ധതികളുടെ രേഖകൾ ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക - 100505/-രൂപ

2014-15-ൽ എം.ഒ.പി.എച്ച്.സി. നിർവ്വഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

1) പി.എച്ച്.സി. ലാബിനു റീഎജന്റ്, അനുബന്ധ സാമഗ്രികൾ (S004/15)എന്ന പദ്ധതിക്കായി സ്റ്റീൽ അലമാര (2 എണ്ണം), കസേര (ഒരെണ്ണം) എന്നിവ പ്രണവം ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. 16,500/-രൂപയുടെ വാങ്ങലിന് കമ്മീഷൻ ക്ഷണിച്ചതിന്റെ യാതൊരു രേഖയും ഓഡിറ്റിൽ ഹാജരാക്കിയില്ല. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-ൽ നിന്നും 50,000/-രൂപ വകയിരുത്തിയ പദ്ധതിക്കായി ബിൽ നമ്പർ 12/14-15 തീയതി 31.3.15 പ്രകാരം 46,420/-രൂപ ചെലവായിട്ടുണ്ട്. ഈ തുകയിൽ കമ്മീഷൻ കൂടാതെ നടത്തിയ വാങ്ങലുകൾക്കായി ചെലവഴിച്ച 16,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വെന്റ് പൈപ്പിനു വലകെട്ടൽ -S0045/15 എന്ന പദ്ധതിയിൽ ചുവടെ പരാമർശിക്കുന്നവ ഹാജരാക്കിയില്ല.

അംഗീകൃത ഗുണഭോക്തൃലിസ്റ്റ്,

നെറ്റ് എവിടെയൊക്കെ എത്ര വാർഡിൽ ,എത്ര വീടുകളിൽ സ്ഥാപിച്ചു?

സ്റ്റോക്കിലെടുത്തതിൻെറ വിശദാംശങ്ങൾ.

തനതു ഫണ്ടിൽ നിന്നും 50,000/-രൂപ വകയിരുത്തിയ പദ്ധതിക്കായി നെറ്റിന്റെ വിലക്കായി ചെലവഴിച്ച 25,005/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) പകർച്ചവ്യാധി നിയന്ത്രണം-S0043/15 എന്ന പദ്ധതിയിൽ കൊതുക് നിയന്ത്രണത്തിനായി ഫോഗിംഗ്, സ്പ്രേയിംഗ് എന്നിവ ഉൾപ്പെടെ ആകെ 1,10,000/-രൂപ മെയിന്റനൻസ് ഫണ്ടിൽ നിന്നും മൊത്തം അടങ്കൽ വകയിരുത്തിയതിൽ 59,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 11/14-15; 31.3.15) എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ നോട്ടീസ്, മെഡിക്കൽ ക്യാംപ്, സെമിനാർ, ബോധവൽക്കരണം എന്നിവ മാത്രമേ നടപ്പായുള്ളൂ. പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഇപ്രകാരമുള്ള പദ്ധതികളിൽ മെഡിക്കൽ ക്യാംപ്, സെമിനാർ, ബോധവൽക്കരണം എന്നിവ നടപ്പാക്കാൻ പാടുള്ളതല്ല. കൂടാതെ ഫോഗിംഗ്, സ്പ്രേയിംഗ് എന്ന പ്രധാന നടപടികൾ പൂർത്തിയാക്കാതെ പദ്ധതി എപ്രകാരം പൂർത്തിയായി എന്നും വ്യക്തമല്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 59,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പരാമർങ്ങൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തടസ്സത്തിനാധാരമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-10 സബസിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല, തുക തടസ്സപ്പെടുത്തുന്നു

2014-15 വർഷം വെറ്റിനറി സർജൻ നിർവ്വണം നടത്തിയ ആടു വളർത്തൽ (എസ്.സി.പി.)(വനിത)-S0061/15 എന്നപദ്ധതിയിൽ 10.3.15 തീയതിയിലെ I(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സമയ പരിമിതി മൂലം ടി പ്രോജക്ടുകളിലെ ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പരിഗണിക്കാതെ വാർഡ് മെമ്പർമാരുടെ ശുപാർശ പ്രകാരം ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖ -അനുബന്ധമാർഗ്ഗരേഖ ജി.ഒ (എം.എസ്)362/13 ത.സ്വ.ഭ.വ; തീയതി 16.11.13 (2014-15 മുതൽ ബാധകം)-യുടെ ഖണ്ഡിക 7.18.2.സി. പ്രകാരം തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി മുൻഗണനാക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം എന്തു മാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കണം. എന്നാൽ ഇവിടെ ഇപ്രകാരം ഗ്രാമസഭയുടെ അംഗീകാരം ലഭിച്ചതായിക്കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിൽ പിന്നിൽ നിൽക്കുന്നതും സബ്സിഡി ലഭിച്ചതുമായ ഗുണഭോക്താക്കൾ</u>

ക്രമ നമ്പർ	പേര്	വാർഡ് നമ്പർ	ഗുണഭോക്തൃ ലിസ്റ്റിലെ നമ്പർ	സബ്സിഡി @3750	റിമാർക്സ്

				x3	
1.	രലീന.ബി	7	3	11250/-	ആദ്യത്തെ രണ്ട് പേർക്ക് നൽകിയില്ല
2.	ജയ.പി	9	4	11250/-	ആദ്യത്തെ മൂന്ന് പേർക്ക് നൽകിയില്ല
3.	വിനീത	8	5	11250/-	3,4 എന്നീ ക്രമ നമ്പരിൽ ഉള്ളവർക്ക് നൽകിയില്ല
4.	സതി	8	6	11250/-	3,4 എന്നീ ക്രമ നമ്പരിൽ ഉള്ളവർക്ക് നൽകിയില്ല
5.	കവിത	8	8	11250/-	7-ാമത്തെ ആളിനു നൽകിയില്ല
6.	ശശികല	1	10	11250/-	ആദ്യത്തെ ഒൻപത് പേർക്ക് നൽകിയില്ല
7.	സരസ്വതി	9	10	11250/-	5 മുതൽ 9 വരെയുള്ളവർക്ക് നൽകിയില്ല
8.	ശ്രീകുമാരി	1	12	11250/-	1 മുതൽ 11 വരെയുള്ളവർക്ക് നൽകിയില്ല
9.	ഭവാനി	2	12	11250/-	1 മുതൽ 11 വരെയുള്ളവർക്ക് നൽകിയില്ല
10.	ശാന്ത	2	21	11250/-	12 മുതൽ 20 വരെയുള്ളവർക്ക് നൽകിയില്ല
11.	സുമതി	6	12	11250/-	1 മുതൽ 11 വരെയുള്ളവർക്ക് നൽകിയില്ല
12.	സന്ധ്യ	5	16	11250/-	1 മുതൽ 15 വരെയുള്ളവർക്ക് നൽകിയില്ല
13.	ലീന.കെ	5	17	11250/-	1 മുതൽ 15 വരെയുള്ളവർക്ക് നൽകിയില്ല
14.	രമ.റ്റി	3	17	11250/-	1 മുതൽ 16 വരെയുള്ളവർക്ക് നൽകിയില്ല
15.	വനജ കുമാരി	4	17	11250/-	1 മുതൽ 16 വരെയുള്ളവർക്ക് നൽകിയില്ല
16.	ഓമന.കെ	17	5	11250/-	ആദ്യ നാലു പേർക്കും ആറാമത്തെ ആളിനും നൽകിയില്ല
17.	ലക്ഷിക്കുട്ടി	17	7	11250/-	ആദ്യ നാലു പേർക്കും ആറാമത്തെ ആളിനും നൽകിയില്ല

18.	സരസ്വതി	17	8	11250/-	ആദ്യ നാലു പേർക്കും ആറാമത്തെ ആളിനും നൽകിയില്ല
19.	ലളിത	17	9	11250/-	ആദ്യ നാലു പേർക്കും ആറാമത്തെ ആളിനും നൽകിയില്ല
20.	തങ്കമ്മ	13	5	11250/-	ആദ്യ നാലു പേർക്കും നൽകിയില്ല
21.	തങ്കമണി	14	3	11250/-	ആദ്യത്തെ രണ്ട് പേർക്ക് നൽകിയില്ല
22.	സുനിത	14	6	11250/-	4,5 ഗുണഭോക്താക്കൾക്ക് നൽകിയില്ല
23.	രാജമ്മ	16	8	11250/-	ആദ്യത്തെ 7 ഗുണഭോക്താക്കൾക്ക് നൽകിയില്ല
24.	പ്രസന്ന	16	10	11250/-	9-ാമത്തെ ഗുണഭോക്താവിനു നൽകിയില്ല
25.		18	9	11250/-	ആദ്യത്തെ 8 ഗുണഭോക്താക്കൾക്ക് നൽകിയില്ല

മേൽ സൂചിപ്പിച്ച പട്ടികയിൽ സബ്സിഡി ലഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും ആവശ്യമില്ലെന്നുള്ള സമ്മതപത്രം വാങ്ങിയതായി കാണുന്നില്ല. സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടുള്ള പദ്ധതി നിർവ്വഹണം അംഗീകരിക്കാവുന്നതല്ല. ഈ പദ്ധതിക്കായി ചെലവഴിച്ച 2,81250/-രൂപ, (ബിൽ നമ്പർ 2/14-15; ബിൽ നമ്പർ 5/14-15; തീയതി 31.3.15) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോത്യ ലിസ്റ്റിൽ ആദ്യ അംഗങ്ങളെ ഒഴിവാക്കാനുള്ള കാരണം വിശദീകരിക്കേണ്ടതും നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

3-11(b) നടപ്പാക്കാത്ത ജനോപകാരപ്രദമായ പദ്ധതികൾ

2014-15 വർഷം ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച നിരവധി പദ്ധതികൾ ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൽ ചുവടെ ചേർക്കുന്നു.

1. S0168/15-പൈപ്പ് കമ്പോസ്റ്റ്- മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് ആവിഷ്ക്കരിച്ച പദ്ധതിയുടെ നിർവ്വഹണ ചുമതല കൃഷി ഓഫീസർക്ക് ആയിരുന്നു. സമീപ കാലത്ത് ഏറെ ആവശ്യമുള്ള പദ്ധതിയായിരുന്നിട്ടും നിർവ്വഹണ ഉദ്യോഗസ്ഥ പദ്ധതി നടപ്പാക്കിയില്ല. നിർമ്മൽ ഗ്രാമ പുരസ്ക്കാരം ലഭിച്ച ഗ്രാമ പഞ്ചായത്തിന് തുടർന്നും അതേ നിലവാരം നിലനിർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിലുള്ള വിമുഖതയായി ഇതിനെ വിലയിരുത്തുന്നു.

2. S0084/15 -സ്വയംതൊഴിൽ സംരംഭം - വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കാൻ ഉദ്ദേശിച്ച പദ്ധതിയായിരുന്നു ഇത്. കുടുംബശ്രീ പ്രവർത്തകരെ

ഉൾപ്പെടുത്തി വിജയം കൈവരിച്ച നിരവധി ഉദാഹരണങ്ങൾ ഉണ്ടായിട്ടും പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചത് ന്യായീകരിക്കത്തക്കതല്ല.

3. S0006/15-അംഗൻവാടികൾക്ക് ഭൂമി വാങ്ങൽ – സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതി നടപ്പാക്കാതെ ഉപേക്ഷിച്ചു. സർക്കാർ ഉത്തരവ് നമ്പർ 39033/ഡി.സി.2/2010 L.S.G.D. തീയതി 3.9.2010 പ്രകാരം പൂരക പോഷകാഹാര പരിപാടിയ്ക്കു ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക അംഗൻവാടികൾക്ക് സ്ഥലം വാങ്ങുന്നതിനും കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ഉപയോഗിക്കേണ്ടതാണെന്നിരിക്കേ, കേന്ദ്ര സഹായത്തിലെ തുക (5,37,000/- രൂപ) ബാക്കിയുണ്ടായിട്ടും പദ്ധതി നടപ്പാക്കാത്തത് നീതീകരിക്കത്തക്കതല്ല. നാല്പത് അംഗൻവാടികളിൽ ഇരുപതെണ്ണത്തിനു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ എന്നത് വിഷയത്തിൻെറ ഗൗരവം എടുത്ത് കാണിക്കുന്നു.

ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കാത്തതിനു മതിയായ വിശദീകരണം നൽകേണ്ടതാണ്.

3-11(a) ജനോപകാരപ്രദമായ പദ്ധതി നടപ്പാക്കിയില്ല

2014-15 വർഷം തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അടങ്കൽ വകയിരുത്തി - പേ വിഷബാധ നിർമ്മാർജ്ജനം - തെരുവ് നായ്ക്കളുടെ നിയന്ത്രണം-S0140/15- എന്ന പദ്ധതി തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച് അംഗീകാരം നേടിയിരുന്നു. (ഭരണാനുമതി നമ്പർ 1(2); തീയതി 28.12.14) എന്നാൽ തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. അതേ വർഷം തന്നെ എം.ഒ.പി.എച്ച്.സി. നടപ്പാക്കിയ പേ വിഷബാധ പ്രതിരോധകുത്തിവെയ്പ് എന്ന പദ്ധതിയിൽ ഗ്രാമ പഞ്ചായത്തിലെ ധാരാളം ജനങ്ങൾ പ്രതിരോധകുത്തിവെയ്പ് എടുത്തിട്ടുണ്ട്. തികച്ചും ജനോപകാരപ്രദമായ ഒരു പദ്ധതി നടപ്പാക്കുന്നതിനോട് ഗ്രാമ പഞ്ചായത്തും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജനും വിമുഖത കാണിച്ചതിൻെറ കാരണം വിശദമാക്കാൻ താല്പര്യപ്പെടുന്നു.

3-12 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ - പത്ത് ലക്ഷം രൂപയുടെ വിനിയോഗമില്ല

പ്രോജക്ട് നമ്പർ	SO 180/15
അടങ്കൽ	10,00,000/- രൂപ
ബിൽ തുക	10,00,000/- രൂപ
ബിൽ നമ്പർ	18/31.03.2015
നിർവ്വഹണ ഏജൻസി	കേരള വാട്ടർ അതോറിറ്റി

എസ്.സി. കോളനികളിൽ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രോജക്ടിനായി മേൽ പ്രകാരം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 10,00,000/- രൂപ നൽകിയെങ്കിലും ഏതൊക്കെ കോളനികളിലാണ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നത് എന്ന വിവരങ്ങൾ പ്രോജക്ടിൽ

ഉൾപ്പെടുത്തിയിരിന്നില്ല. ടി പദ്ധതി പൂർത്തീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 30.07.16 നൽകിയ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ പദ്ധതിക്കുവേണ്ടി ചെലവാക്കിയ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-13 പോസ്റ്റ് ഷിഫിറ്റിംഗ് -വിനിയോഗ രേഖകൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ 2014-15 വർഷം പോസ്റ്റ് ഷിഫിറ്റിംഗിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ രേഖകൾ ഓഡിറ്റ് എൻകുയറി നമ്പർ 20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നമ്പർ	തീയതി	തുക
671/14-5	06-11-14	15689/-
696/14-15	18-11-14	3429/-
949/14-15	16-02-15	17450/-

വിനിയോഗ രേഖകളുടെ അഭാവത്തിൽ 36568/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-14 വെൽഫെയർ ഫണ്ട് ഒടുക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ വെൽഫെയർ ഫണ്ട് ഒടുക്കിയ രേഖകൾ ഹാജരാക്കിയില്ല.
വിശദാംശങ്ങൾ താഴെ ചേർക്കുന്നു

പ്രവൃത്തിയുടെ പേര്	ബിൽ നമ്പർ	വെൽഫെയർ ഫണ്ട് തുക
കുറ്റിമുക്ക് -ചേന്നവിളമുക്ക് കോടിയാട്ടുകാവ് റോഡ്	104/14-15, 15-05-14	3699/-
കന്യാകുഴി ആശുപത്രി, ആലുമൂട് ജംഗ്ഷൻ റോഡ്	379/14-15, 16-08-2014	4981/-
പഞ്ചായത്ത് ഓഫീസ് വൈദ്യുതികരണം.	1158/14-15, 28-03-15	1878/-
പെരുമ്പുഴ ഗവ. എൽ.പി.എസ്. ക്ലാസ്റൂം,ആഡിറ്റോറിയം ഇലക്ടിഫിക്കേഷൻ	1166/14-15, 29-03-2015	1975/-
ആകെ		**12533/-**

ഒടുക്കു വിവരങ്ങൾ ഹാജരാക്കാത്തതിനാൽ 12533/- രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. തുക ഒടുക്കിയ രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3-15 കന്നുകാലി ചന്തയിലെ കെട്ടിടം

ആറുമുറിക്കടയ്ക്ക് സമീപം കന്നുകാലി ചന്തയിൽ ജില്ലാപഞ്ചായത്ത് പണി കഴിപ്പിച്ച കെട്ടിടം ഉപയോഗിക്കാതെ നശിച്ചുകൊണ്ടിരിക്കുന്നു. വയറിംഗ് നടത്തിയിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-16 അങ്കണവാടി ഭൗതിക സാഹചര്യങ്ങൾ

അങ്കണവാടി നമ്പർ	പേര്	കെട്ടിടം വാടക/സ്വന്തം	കറണ്ട്	കുടിവെള്ളം	ബാത്ത് റൂം	ചുറ്റുമതിൽ	അഭിപ്രായം
1	കോവിൽമുക്ക്	സ്വന്തം	ഉണ്ട്	ഉണ്ട് (പൊതുടാപ്പ്)	ഉണ്ട്	ഉണ്ട്	ബാലവാടി
2	വായനശാല	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
3	ത്രിവേണി	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
4	Near Gugudeva	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
5	പുന്നമുക്ക്	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	കെട്ടിടം പണി നടക്കുന്നു
6	ആശുപത്രിയ്ക്ക് സമീപം	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
7	അമ്പിപ്പൊയ്ക	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
8	അമ്പിപ്പൊയ്ക	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
9	കൊച്ചുവിള	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
10	ഞാലിയോട്	സ്വന്തം	ഉണ്ട്	ഉണ്ട് (തൊട്ടടുത്ത വീട്)	ഉണ്ട്	ഉണ്ട്	
11	അമ്പിപ്പൊയ്ക	സ്വന്തം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
12	കല്ലുപാലക്കട	സ്വന്തം	ഉണ്ട്	ഉണ്ട് (കിണർ)	ഉണ്ട്	ഉണ്ട്	
13	റേഡ്യോ ജംഗ്ഷൻ	സ്വന്തം	ഉണ്ട്	ഉണ്ട് (അടുത്ത വീട്)	ഉണ്ട്	ഉണ്ട്	
14	ഷാപ്പുമുക്ക്	സ്വന്തം	ഉണ്ട്	ഉണ്ട് (കിണർ)	ഉണ്ട്	ഉണ്ട്	
15	അറ്റോൺമെന്റ് ആശുപത്രിയ്ക്ക് സമീപം	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
16	വിളയിൽക്കട	സ്വന്തം	ഉണ്ട്	ഉണ്ട് (സ്വന്തം ടാപ്പ്)	ഉണ്ട്	ഉണ്ട്	
17	വിളയിൽക്കട	സ്വന്തം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
18	വഞ്ചിമുക്ക്	സ്വന്തം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ബാത്ത് റും ഉപയോഗശൂന്യം ബാലവാടി

							കെട്ടിടം ഇപ്പോഴും പഴയ ആളിന്റെ പേരിൽ തന്നെ
19	കാമ്പിക്കടയ്ക്ക് സമീപം	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
20	കാമ്പിക്കട	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	വസ്തു വാങ്ങിയിട്ടുണ്ട്
21	ശവക്കോട്ട (മൊയ്തീൻ മുക്ക്)	സ്വന്തം	ഉണ്ട്	കിണർ ഉപയോഗ യോഗ്യമല്ല	ഉണ്ട്	ഉണ്ട്	
22	ആലുംമൂട്	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	
23	കുറ്റിയിൽ മുക്ക്	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
24	പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനു സമീപം	സ്വന്തം	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
25	ആലുംമൂട് സ്കൂളിനു സമീപം	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
26	തലപറമ്പ്	സ്വന്തം	ഉണ്ട്	ഉണ്ട് (സ്വന്തം ടാപ്പ്)	ഉണ്ട്	ഉണ്ട്	
27	ചിറയടി	സ്വന്തം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
28	സെറ്റിൽമെന്റ് കോളനി	സ്വന്തം	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	
29	കുളപ്ര	സ്വന്തം	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	
30	ചിറയടി	സ്വന്തം	ഉണ്ട്	പൊതു ടാപ്പ്	ഉണ്ട്	ഉണ്ട്	
31	മുണ്ടയ്ക്കൽ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	
32	മുണ്ടയ്ക്കൽ	സ്വന്തം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	
33	ആനൂർ	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
34	ആറാട്ടുവിള കുരിശ്ശടി	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
35	കുരീപ്പള്ളി	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	
36	ഉൗറ്റുകുഴി	സ്വന്തം	ഉണ്ട്	അടുത്ത വീട്	ഉണ്ട്	ഉണ്ട്	
37	കേളൻവിള	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
38	മുക്കട	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	
39	തെങ്ങഴികം	വാടക	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	കെട്ടിടം പണി നടക്കുന്നുണ്ട്.
40	ചാങ്ങയിൽ	വാടക	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	

ആകെ അംഗനവാടികൾ	40
സ്വന്തം കെട്ടിടം	20
സ്വന്തം കെട്ടിടത്തിൽ കറണ്ട്	18
സ്വന്തം കെട്ടിടത്തിന് ചുറ്റുമതിൽ	17

സ്വന്തം കെട്ടിടത്തിന് കിണർ	4

3-17 ജനറേറ്ററിന് ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല

2014-15-ലെ പ്രോജക്ട് നമ്പർ SO166/15 പ്രകാരം 15KVA ജനറേറ്ററിന് 4,75,000/- രൂപ ചെലവിൽ (ബിൽ നമ്പർ 37(1326/31-03-15) (ഡി.ഡി.നമ്പർ 857927/10-04-16) പ്രകാരം സ്ഥാപിച്ച് ഉപയോഗിച്ചുവരുന്നു. എന്നാൽ ഇതിന്റെ ഇന്ധന ഉപയോഗ ക്ഷമതയുടെ സർട്ടിഫിക്കറ്റും ലോഗ്ബുക്കും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് കൃത്യമായി പരിപാലിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-18 രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു

2014-15 വർഷം വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലനം - S0051/15-പദ്ധതി (വികസന ഫണ്ട് - 6,25,000/-;സംസ്ഥാനാവിഷ്കൃതം-6,25,000/-, ഗുണഭോക്തൃ വിഹിതം-12,50000/-); ബിൽ നമ്പർ 1/14-15 തീയതി 22.11.14; 6,25,000/- രൂപ; നൂറ് ഗുണഭോക്താക്കൾക്ക് 6,250/-രൂപ വീതം വകയിരുത്തി കാഫ് ഫീഡ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. (D.D.No.854250/25.11.14) ക്ഷീര സഹകരണ സംഘങ്ങളുടെ പേരുകൾ, സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ പേരുകൾ എന്നിവ പരിശോധനയ്ക്കു ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 6,25,000/- രൂപ തടസ്സപ്പെടുത്തുന്നു.

3-19 ആസ്തിയുടെയും റോഡിന്റെയും പിൽകാലത്തുണ്ടായ പുരോഗതികളും വ്യത്യാസങ്ങളും രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല

ഇളമ്പളളൂർ ഗ്രാമ പഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകളുടെ അസറ്റ് രജിസ്റ്റർ, റോഡ് രജിസ്റ്റർ എന്നിവ ഡേറ എൻട്രി നടത്തിയ കാലത്തെ അപൂർണ്ണ വിവരങ്ങൾ അല്ലാതെ യാതൊന്നും പിന്നീട് ചേർത്തതായി കാണുന്നില്ല.

ആസ്തിയുടെയും റോഡിന്റെയും പിൽകാലത്തുണ്ടായ പുരോഗതികളും വ്യത്യാസങ്ങളും രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ലാത്തതിനാൽ ഓരോ പ്രവൃത്തിയുടെയും ആവശ്യകത, മുൻപ് പ്രവൃത്തി നടന്ന കാലയളവ്, ഒരു വർഷം ഒരു റോഡിൽ നടത്തിയ പ്രവൃത്തിയുടെ വിവരം എന്നിവ മനസ്സിലാക്കുവാൻ കഴിയുന്നില്ല.

ആസ്തി രജിസ്റ്ററിൽ ഓരോ റോഡിനും നല്കേണ്ട യുണീക്ക് നമ്പർ കുറ്റമറ്റ രീതിയിൽ നല്കിയിട്ടില്ല.

പ്രോജക്ട് തയ്യാറാക്കുമ്പോൾ അസറ്റ് രജിസ്റ്ററിലെ യുണീക്ക് നമ്പർ ആവശ്യപ്പെടുന്നിടത്ത് ശരിയായ നമ്പർ നല്കുന്നില്ല.

മേൽ സാഹചര്യത്തിൽ, വളരെയധികം റോഡുകളുടെ ചെറിയ ചെറിയ നീളത്തിൽ മാത്രം പ്രവൃത്തികൾ ചെയ്യുന്നതിനാലും ചെയിനേജ് രേഖപ്പെടുത്താത്തതിനാലും ഇരട്ടിപ്പ് വരാതിരിക്കുവാൻ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറി നമ്പർ 8/14-15-ന് നൽകിയ മറുപടിയിൽ

2013-ന് ശേഷമുള്ള പുരോഗതികളും വ്യത്യാസങ്ങളും കാലതാമസമില്ലാതെ എൻട്രി വരുത്തുന്നതാണെന്നും പ്രോജക്ട് തയ്യാറാക്കുമ്പോൾ അസറ്റ് രജിസ്റ്ററിലെ യുണീക്ക് നമ്പർ രേഖപ്പെടുത്തുന്നതാണെന്നും ഇനി മുതൽ ചെയിനേജ് രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

3-20 മഹാത്മാഗാന്ധി ദേശീയതൊഴിലുറപ്പ് പദ്ധതി

ഇളമ്പളളൂർ ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ തൊഴിലുറപ്പ് പ്രോജക്ടുകളുടെ വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

2014-15 വർഷം

വേതനം	1,01,06,922
മെറ്റീരിയൽ (വാടക)	2,67,315-
ഭരണചെലവുകൾ	7,81,000
അംഗീകാരം ലഭ്യമായ പദ്ധതികളുടെ എണ്ണം	242
തുടങ്ങി പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം	102
പൂർത്തീകരിക്കാതെ അവശേഷിക്കുന്ന പദ്ധതികളുടെ എണ്ണം	140
നൂറ് തൊഴിൽ ദിനം ലഭിച്ചവർ	175
ആകെ രജിസ്റ്റർ ചെയ്തവർ	4145
തൊഴിൽ കാർഡ് ലഭ്യമായവർ	4145
തൊഴിൽ ലഭ്യമാക്കാത്തവർക്ക് കോമ്പൻസേഷൻ	-
അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടുണ്ടോ	ഉണ്ട്
തൊഴിലുപകരണങ്ങൾ ഒറ്റത്തവണ വാങ്ങിയതിന്റെ തൽസ്ഥിതി	2008 -ൽ വാങ്ങി
വേതനം നല്കാൻ കുടിശ്ശികയുളളത്	ഇല്ല

3-21 തൊഴിൽ രഹിത വേതനം-അധികം നൽകി

ഗ്രാമപഞ്ചായത്തിൽ പ്രായപരിധി കഴിഞ്ഞും തൊഴിൽ രഹിത വേതനം നൽകിയതിലൂടെ 1200/- രൂപ നഷ്ടമായി. സന്തോഷ്, സെറ്റിൽമെന്റ് കോളനി 175 (റോൾ നമ്പർ 605) എന്നയാളുടെ ജനനതീയതി 30-05-1975 ആയതിനാൽ അർഹമായ കാലയളവ് 5/13 വരെയാണ്. എന്നാൽ ബിൽ നമ്പർ 1/14-15/01-09-14 പ്രകാരം പിൻവലിച്ച 3,60,000/-രൂപയിൽ നിന്നും 6/13- 3/14 കാലയളവിലേക്കായി 1200/-രൂപ കൂടി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (25/29-06-16) നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3-22 എ.ഐ.എ.വൈ. രസീത് ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ഐ.എ.വൈ. വിഹിതത്തിനുള്ള സാംഖ്യ രസീത് ലഭ്യമാക്കിയില്ല. അസിസ്റ്റന്റ് സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ.എ.വൈ. വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം 720000/-രൂപ പിൻവലിച്ച മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയതിന്റെ സാംഖ്യ രസീത് ഹാജരാക്കിയില്ല. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സാംഖ്യ രസീത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക്	2014-15	601703 (536000+65703)	കലുങ്ക് മുക്ക് റോഡ്	601703	
ജില്ല	2014-15	285000 (225000+60000)	ക്ഷീരാമൃതം, സമഗ്രനെൽകൃഷി	285000	

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർനമ്പർ/ ചെക്ക്നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
KSEB	Post Shifting	1161/2014-15	1000000	1000000	

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 65/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയആളുടെപേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2005-2006	3(6)	65	Joseph (Secretary)	11402101648 Dt.16.06.2014

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	112426168
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	790164724
വരവിനങ്ങളിലുള്ള നഷ്ടം	:	300
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	1200
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	5896901

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.1	300		ശ്രീ.എസ്.പ്രസാദ്, സെക്രട്ടറി
3.22	-	1200	ശ്രീ.എസ്.പ്രസാദ്, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.1	1554616	ശ്രീ.എസ്.പ്രസാദ്, സെക്രട്ടറി

3.2	1578962	ശ്രീ.എസ്.പ്രസാദ്, സെക്രട്ടറി
3.9	100505	ഡോക്ടർ അനൂപ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
3.10	281250	ഡോക്ടർ സിനി തോമസ്, വെറ്റിനറി സർജൻ
3.12	1000000	ഫ്ലോസി ലാസ്, അസിസ്റ്റന്റ് സെക്രട്ടറി
3.13	36568	ശ്രീ.എസ്.പ്രസാദ്, സെക്രട്ടറി
3.14	720000	ശ്രീ.ജി.രാധാകൃഷ്ണൻ, അസിസ്റ്റന്റ് സെക്രട്ടറി
3.19	625000	ഡോക്ടർ സിനി തോമസ്, വെറ്റിനറി സർജൻ
	5896901	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായത്

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടോത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം

3.1	ശ്രീ.എസ്.പ്രസാദ്, ഹരിശ്രീ, കുഴിമതിക്കാട് പി.ഒ. പിൻ-691 509

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈവകുപ്പിൽനിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2000-01	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	3	
2001-02	എൽ.എഫ്.ക്യൂ.പി.1/1346/14 തീയതി 20.06.2014	4	
2002-03	എൽ.എഫ്.ക്യൂ.പി.1/1346/14	5	

	തീയതി 20.06.2014		
2003-04	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	9	
2004-05	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	6	
2005-06	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	13	
2006-07	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	8	
2007-08, 2008-09, 2009-10	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	-	
2010-11, 2011-12	എൽ.എഫ്.ക്യൂ.പി1/1346/14 തീയതി 20.06.2014	18	
2011-12, 2012-13	എൽ.എഫ്.ക്യൂ.പി.1/1346/14 തീയതി 20.06.2014		

4-10 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ -കെ.എൽ.എം.പി1-1145/16 തീയതി: 21.07.2016

സാക്ഷ്യപത്രം

1994-ലെ കേരളലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2014-2015-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

താഴെ പറയുന്ന ന്യൂനതകൾ ഒഴിച്ചു നിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷിക ധനകാര്യ പത്രിക ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2014-15-ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും 2003 ജൂൺ 12ലെ ജി.ഒ. (പി). 319/2003/ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം

ന്യൂനതകളുടെ സംഗ്രഹം

1) പ്രൊപ്പർട്ടി ടാക്സ് , ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ ഡിമാന്റ് , കളക്ഷൻ (current and advance) ബാലൻസ് എന്നിവയുടെയും വാടക (advance collection) എന്നിവയുടെയും വരവുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.
2) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തിയാക്കത്തതിനാൽ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടിട്ടില്ല.
3) ആസ്തി-മുന്നിരിപ്പ്,തൻവർഷം എന്നിവയുടെ വിവരം ലഭ്യമല്ല.
4) ക്ലോസിംഗ് സ്റ്റോക്ക്-സ്റ്റോക്ക് മൂല്യം കണക്കാക്കി ഉൾപ്പെടുത്തിയിട്ടില്ല.
5) ഇ.എം.എസ് ഭവന പദ്ധതിയിലെ 30000രൂപയുടെ ചെലവുകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം